"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.REV-U4/6/2021-REV
റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-12-2024

## സർക്കുലർ

വിഷയം:- റവന്യൂ വകുപ്പ് - കെ.എസ്.ആർ.ടി.സിയുടെ അധീനതിയിലുള്ള ഭൂമികളിൽ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച നിബന്ധനകളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 03/11/2022-ലെ ഇതേ നമ്പർ പരിപത്രം.

കെ.എസ്.ആർ.ടി.സിയ്ക്ക് വാണിജ്യാവശ്യങ്ങൾക്കായി പാട്ട വ്യവസ്ഥയിലോ പതിച്ചോ നൽകിയിട്ടുള്ള ഭൂമിയിൽ/ഡിപ്പോകളിൽ പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനും സർക്കാർ സൂചന പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിബന്ധനകൾ പ്രകാരം പമ്പുകൾ അനുവദിക്കുന്നതിൽ പ്രായോഗികതലത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കെ.എസ്.ആർ.ടി.സി അറിയിയ്ക്കുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സിയുടെ സേവനങ്ങൾ പരിഗണിച്ചും നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കെ.എസ്.ആർ.ടി.സിയ്ക്ക് ആധാരപ്രകാരമോ, പട്ടയ പ്രകാരമോ പൂർണ്ണ ഉടമസ്ഥതയിലുള്ള ഭൂമികളിൽ പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനും 03/11/2022-ലെ മേൽ സർക്കുലർ ബാധകമാകുന്നതല്ല. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സിയിൽ തന്നെ നിക്ഷിപ്തമായിരിക്കും എന്ന ക്ലിപ്തവ്യവസ്ഥ നിലനിൽക്കുന്നതായിരിക്കും.
2. ഉടമസ്ഥരേഖകളില്ലാതെ കൈവശം വച്ചിരിക്കുന്നതോ/സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ളതോ ആയ കെ.എസ്.ആർ.ടി.സിയുടെ ഡിപ്പോകളിൽ പമ്പുകൾ സ്ഥാപിക്കുന്നതിന് മാത്രമായി മേൽ സർക്കുലറിലെ 1, 4 വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സിയിൽ/സർക്കാരിൽ (ഏതാണോ ബാധകമാകുന്നത്) നിക്ഷിപ്തമായിരിക്കും എന്ന ക്ലിപ്തവ്യവസ്ഥ നിലനിൽക്കുന്നതായിരിക്കും. ഈ തീരുമാനം കെ.എസ്.ആർ.ടി.സിയ്ക്ക് പ്രസ്തുത ഭൂമികളിൽ പമ്പുകൾ സ്ഥാപിക്കുന്നതിനു മാത്രമായി അനുവദിക്കുന്ന ഇളവുകളായിരിക്കും.

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ (എ/എൽ/എം) വകുപ്പ്
ഗതാഗത വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ.
Date: 20-12-2024 11:15:46